

# ഐ.സി.പി.എഫ് മലബാർ ക്യാമ്പ് സെന്റർ വയനാട്ടിൽ

**വയനാട്:** ഇന്റർ കോളജിയറ്റ് പ്രെയർ ഫെലോഷിപ് മലബാർ മേഖലാ ക്യാമ്പ് സെന്റർ വയനാട്ടിൽ. മീനങ്ങാടി ചണ്ണക്കുന്നിയിൽ ആരംഭിക്കുന്ന ക്യാമ്പ് സെന്ററിന്റെ ശിലാസ്ഥാപനം ഫെബ്രുവരി 6-നു ഐസിപിഎഫ് പ്രസിഡന്റ് ഡോ. കെ.മുരളീധർ നിർവഹിച്ചു. പാസ്റ്റർ കെ.കെ. മാത്യു അനുഗ്രഹ പ്രാർത്ഥന നടത്തി. തുടർന്നു നടന്ന യോഗത്തിൽ പാസ്റ്റർ സാം തോമസ് അധ്യക്ഷത വഹിച്ചു. ഡോ. വി.ജെ. സാമുവേൽ ക്യാമ്പ് സെന്റർ പദ്ധതി വിവരിച്ചു. പാസ്റ്റർ ജോണി ജോസഫ്, പാസ്റ്റർ ജോയി മുളയ്ക്കൽ, ബ്രദർ വി.സി.മാത്യു എന്നിവർ ആശംസകളറിയിച്ചു. ഇവാ. ജോസ് മാത്യു സ്വാഗതവും ഇവാ. ബോബു എൻ.ഡി. നന്ദിയും പറഞ്ഞു. പ്രൊഫ. മാത്യു പി. തോമസ്, ഡോ. സിനി ജോയ്സ് മാത്യു, ഇവാ. ബോബു എൻ.ഡി, ഡോ. ഫ്രെൻസ് ജോസ് എന്നിവരടങ്ങുന്ന സമിതി പദ്ധതിക്ക് നേതൃത്വം നൽകുന്നു. ഓഡിറ്റോറിയം, ഡോർമിറ്ററികൾ, പ്രത്യേക മുറികൾ എന്നിവയുൾപ്പെടുന്ന കെട്ടിട സമുച്ചയത്തിന് മൂന്നു കോടിയോളം രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നു.



പോൾ ഗോപാലകൃഷ്ണൻ

# സുവിശേഷയോഗം

**വയനാട്:** കൽപ്പറ്റ ശാരോൻ ഓഡിറ്റോറിയത്തിൽ ഫെബ്രുവരി 23-നു വൈകിട്ട് സുവിശേഷയോഗം നടക്കും. പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ പ്രസംഗിക്കും. രാവിലെ 10 മണിക്കു നടക്കുന്ന വനിതാ സമ്മേളനത്തിലും അദ്ദേഹം ശുശ്രൂഷിക്കും. പാസ്റ്റർമാരായ കെ.ജെ. ജോണി, എം.ജെ. ജോൺ എന്നിവർ നേതൃത്വം നൽകുന്നു. ഫോൺ: 9447545387, 890763976.




# തലമുറകൾ സത്യത്തിന്റെ വക്താക്കളായി മാറണം: പാസ്റ്റർ തോമസ് ഫിലിപ്

**പായിപ്പാട്:** ആധുനിക ക്രൈസ്തവ തലമുറ സത്യത്തിൽ നടക്കുന്നവരാണെന്ന് മറ്റുള്ളവർ സാക്ഷ്യം പറയണമെന്നും അവർ സത്യത്തിന്റെ വക്താക്കളായി മാറണമെന്നും ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് റവ. തോമസ് ഫിലിപ് പ്രസ്താവിച്ചു. പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ചാപ്പലിൽ ഡിസംബർ 26 മുതൽ 28 വരെ നടന്ന സഭയുടെ സൺഡേസ്കൂൾ-യൂത്ത് ഫെലോഷിപ് ജനറൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ആദ്ദേഹം. ഡോ. ജെയ്സൺ തോമസ്, റവ. എൽ.ജോസഫ്, പാസ്റ്റർ അനിൽ കൊടിത്തോട്ടം, റവ.ഷാജി സി.ഡി., ഡോ. എം.കെ. സുരേഷ്, ഡോ. ജെസി ജെയ്സൺ എന്നിവർ ക്ലാസുകൾ എടുത്തു. ബൈബിൾ ക്ലാസ്, ക്രിസ്ത്യൻ മാജിക് ഷോ, സൺഡേസ്കൂൾ അദ്ധ്യാപക മീറ്റിംഗ്, കൗൺസലിങ് തുടങ്ങിയവ നടന്നു. 'സത്യത്തിൽ നടക്കുക' എന്നതായിരുന്നു ക്യാമ്പിന്റെ ചിന്താവിഷയം. മഹനയീം വോയ്സ് ഗാനശുശ്രൂഷ നിർവഹിച്ചു. സെക്രട്ടറിമാരായ സുവി. സാം പീറ്റർ, സുവി. അഭിലാഷ് മാത്യു എന്നിവർ നേതൃത്വം നൽകി.




# വൈ.പി.ഇ. സ്റ്റേറ്റ് ക്യാമ്പ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരള സംസ്ഥാന യുവജന ക്യാമ്പ് സഭാ ആസ്ഥാനത്ത് നടന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 1200-ലധികം പേർ പങ്കെടുത്തു. ഉദ്ഘാടന യോഗത്തിന് വൈ.പി.ഇ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ എ.ടി. ജോസഫ് അധ്യക്ഷത വഹിച്ചു. ഓവർസീയർ റവ. സി.സി. തോമസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനതല താലന്ത് പരിശോധനയിൽ കോട്ടയം എറണാകുളം മേഖലകൾ ഒന്നും രണ്ടും സ്ഥാനങ്ങളിൽ എത്തി. ഇവാ. സാജു മാത്യു, പാസ്റ്റർ പി.ആർ.ബേബി, റവ. ജോൺസൺ തേക്കടയിൽ, പാസ്റ്റർമാരായ സണ്ണി താഴാംപള്ളം, പ്രിൻസ് തോമസ് റാന്നി, വൈ. റെജി, ജെ. ജോസഫ്, ഷിബു കെ. മാത്യു, റെജി മാത്യു, അനീഷ് ഏലപ്പാറ, സാം ചന്ദ്രശേഖർ, ഡോ. ആനി ജോർജ് സി, ജോളി താഴാംപള്ളം തുടങ്ങിയവർ പ്രസംഗിച്ചു. ന്യൂക്ലിയർ ഡിസ്കഷൻ പ്രോഗ്രാം റവ. ബിജു ജേക്കബിന്റെ നേതൃത്വത്തിൽ നടന്നു. വ്യക്തിഗത കൗൺസിലിങ്ങും നടന്നു. ഡിബേറ്റിന് പാസ്റ്റർ ഷൈജു ഞാറയ്ക്കലും ഷാജൻ ജോൺ ഇടക്കാടും നേതൃത്വം നൽകി. എക്സൽ മിനിസ്ട്രി കുട്ടികൾക്കായുള്ള പ്രത്യേക പ്രോഗ്രാമുകൾ നടത്തി. ഹോളി ബീറ്റ്സ് ഗാനങ്ങൾ ആലപിച്ചു.

# ഐക്യതയുടെ ആഹ്വാനവുമായി സഭാ നേതാക്കളുടെ സമ്മേളനം

**കൊച്ചി:** ഭാരതത്തിലെ സുവിശേഷ വിഹിത സഭകൾ ഒന്നിച്ചു നിൽക്കണമെന്ന ഐക്യതയുടെ ആഹ്വാനത്തോടെ ബോഡി ഓഫ് ക്രൈസ്റ്റ് നാഷനൽ കോൺഫറൻസ് കൊച്ചിയിൽ നടന്നു. ജനുവരി 22 -നു ഇംപീരിയൽ ട്രേഡ് സെന്ററിൽ നടന്ന വിവിധ സഭാ നേതാക്കളുടെ സമ്മേളനത്തിലാണ് സഭകളുടെ ഐക്യത ചർച്ച ചെയ്യപ്പെട്ടത്. ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സഭയായ ഹൈദരാബാദിലെ കാൽവറി ടെമ്പിൾ സഭയുടെ സ്ഥാപകൻ പാസ്റ്റർ സതീഷ് കുമാർ, റവ. ഡി.മോഹൻ (അസംബ്ലീസ് ഓഫ് ഗോഡ്), ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, റവ. പി.എസ്. ഫിലിപ്, പാസ്റ്റർ പി.ആർ.ബേബി, പാസ്റ്റർ മോഹൻ സി. ലാസറസ്, ഡോ.മാത്യു കുരുവിള, ഷിബു തോമസ്, അഡ്വ. മനോജ് ജോർജ് എന്നിവർ പ്രസംഗിച്ചു. വിവിധ സഭകളിൽ നിന്നായി 200-ലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. അപ്പൊസ്തലിക് ചർച്ച് അലയൻസ് ജനറൽ ഓവർ സീയർ പാസ്റ്റർ സാം വർഗീസ്, എക്സോഡസ് സഭാ പാസ്റ്റർ എബി തോമസ് ഉമ്മൻ എന്നിവർ നേതൃത്വം നൽകി.

# ഭക്ഷ്യ വസ്തുക്കൾ നൽകി

**ബെംഗളൂരു:** ഹെബ്ബാൾ ചിരഞ്ജീവി ലേഔട്ട് വിക്ടറി ഇന്റർനാഷനൽ അസംബ്ലീസ് ഓഫ് ഗോഡ് വർഷിപ് സെന്റർ കഴിഞ്ഞ ക്രിസ്മസ് ദിനത്തിൽ നിർധനരായ 350 വിധവകൾക്ക് വസ്ത്രങ്ങളും ഒരു മാസത്തേക്കുള്ള ഭക്ഷ്യ വസ്തുക്കളും നഗരത്തിലെ ചേരികളിലെ കുട്ടികൾക്കു പുതപ്പും സമ്മാനപ്പൊതികളും നൽകി. ഏഴായിരത്തോളം പേർ പങ്കെടുത്ത ക്രിസ്മസ് പരിപാടിയിൽ സീനിയർ പാസ്റ്റർ രവി മണി മുഖ്യ സന്ദേശം നൽകി. വി.ഐ.എ.ജി സൺഡേസ്കൂൾ വിദ്യാർത്ഥികൾ ക്രിസ്മസ് ഗാനങ്ങൾ ആലപിച്ചു.





# അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ജനറൽ കൺവൻഷൻ ജനുവരി 8 മുതൽ 13 വരെ പുനലൂർ എ.ജി. കൺവൻഷൻ ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർ പി. ബേബിയുടെ അധ്യക്ഷതയിൽ ഡിസ്ട്രിക്ട് സൂപ്രണ്ട് റവ.ഡോ. പി. എസ്. ഫിലിപ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

ക്രിസ്തു വിശ്വാസം വ്യക്തികളെയും സമൂഹത്തെയും നവീകരിക്കുമെന്നും ആ സുവിശേഷം ലോകത്തിന്റെ സർവ്വോന്മുഖമായ ഉയർച്ചയ്ക്കും നവോത്ഥാനത്തിനും കാരണമായി തീർന്നതായും ക്രിസ്തുമാർഗ്ഗം നവീകരണത്തിന്റെ കാഹളധ്വനിയായി ഇന്നും ലോകമെങ്ങും മുഴങ്ങുന്നുവെന്നും പാസ്റ്റർ പി.എസ്. ഫിലിപ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു.



# ഐക്യ പ്രാർത്ഥനാ സമ്മേളനങ്ങളും റാലിയും

**തിരുവല്ല:** വിവിധ പെന്തക്കോസ്തു സഭാ നേതാക്കൾ ഒത്തുചേർന്ന് കാസർഗോഡ് മുതൽ പാറശ്ശാല വരെ ഐക്യ പ്രാർത്ഥനാ യോഗങ്ങളും റാലിയും നടത്തുന്നു. ഏപ്രിൽ 1 മുതൽ 10 വരെ പ്രാർത്ഥനാ റാലി നടത്താനാണ് ഫെബ്രുവരി 8-നു തിരുവല്ലയിൽ ചേർന്ന വിവിധ പെന്തക്കോസ്തു സഭാ നേതാക്കളുടെ സംയുക്തയോഗം തീരുമാനിച്ചത്.

2018-ൽ തിരുവല്ലയിൽ നടത്തിയ ദേശീയ പ്രാർത്ഥനാ സമ്മേളനത്തിന്റെ തുടർച്ച എന്ന നിലയിലാണ് പ്രാർത്ഥനാ റാലി നടത്തുന്നത്. ആസന്നമായ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ദൈവഹിതപ്രകാരമുള്ളവർ തെരഞ്ഞെടുക്കപ്പെടണം, സമാധാനപരമായി തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകണം, രാജ്യ നന്മയ്ക്കായി മികച്ച ഭരണകൂടം ഉണ്ടാകണം എന്നിവയാണ് പ്രധാന പ്രാർത്ഥനാ വിഷയങ്ങൾ. കാസർഗോഡ് നിന്നും ആരംഭിക്കുന്ന റാലി എല്ലാ ജില്ലകളിലും പ്രാർത്ഥനാ സമ്മേളനങ്ങൾ നടത്തി ഏപ്രിൽ 10-നു തിരുവനന്തപുരത്തു സമാപിക്കും.

ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർമാരായ കെ.സി. ജോൺ (ഐപിസി), ടി.വി.പൗലോസ് (എ.ജി), പി.എം. ജോൺ (ശാരോൻ ഫെലോഷിപ്), ജോൺസൺ കെ. സാമുവേൽ (ശാരോൻ), ജെ. ജോസഫ് (ചർച്ച് ഓഫ് ഗോഡ്), ജോയി ചാണ്ടി (പെന്തക്കോസ്തു ദൈവസഭ, കല്ലുമല), പി.കെ. ജെയ്സൺ (ദ ചർച്ച് ഓഫ് ഗോഡ്, തഴക്കര), എം.കുഞ്ഞപ്പി (ചർച്ച് ഓഫ് ഗോഡ്), വി.എ. തമ്പി (ന്യൂ ഇന്ത്യാ ദൈവസഭ), കെ.സി. സണ്ണിക്കുട്ടി (ചർച്ച് ഓഫ് ഗോഡ് കേരള റീജിയൻ), ഒ.എം. രാജുക്കുട്ടി (ഡബ്ല്യു.എം.ഇ), പി.സി. ചെറിയാൻ (ചർച്ച് ഓഫ് ഗോഡ്), സി.സി.എബ്രഹാം (ഐപിസി), രാജു പൂവക്കാല (ഐപിസി), സി.പി. മോനായി, ജോൺ മാത്യു എന്നിവർ പങ്കെടുത്തു.

പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ ആണ് ജനറൽ കോ-ഓർഡിനേറ്റർ. ജില്ലാതല സമ്മേളനങ്ങളുടെ കോർഡിനേഷൻ പ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ താൽപ്പര്യമുള്ള പാസ്റ്റർമാർ, വിശ്വാസികൾ, യുവജന പ്രവർത്തകർ ബന്ധപ്പെടുക. ഫോൺ: 9349500155, 9446116152.

# പെന്തക്കോസ്ത് കോൺഫറൻസ് മിയാമിയിൽ

**ഫ്ളോറിഡ:** പെന്തക്കോസ്ത് കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ് (പി.സി.എൻ.എ.കെ) 37-ാമത് സമ്മേളനം ജൂലൈ 4 മുതൽ 7 വരെ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിൽ നടക്കും. 'ദൈവത്തിന്റെ അത്യന്തശക്തി നമ്മുടെ മൺകൂടാരങ്ങളിൽ' (The excellence of God's power in us) എന്നതാണ് കോൺഫറൻസ് ചിന്താവിഷയം.

പാസ്റ്റർ കെ.സി.ജോൺ ഫ്ളോറിഡ (നാഷനൽ കൺവീനർ), വിജു തോമസ് (നാഷനൽ സെക്രട്ടറി), ബിജു ജോർജ (നാഷനൽ ട്രഷറർ), ഫ്രാങ്ക്ലിൻ എബ്രഹാം (യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ അനു ചാക്കോ (ലേഡീസ് കോർഡിനേറ്റർ) എന്നിവരടങ്ങുന്ന ഭരണസമിതി കോൺഫറൻസിനു നേതൃത്വം നൽകുന്നു. കൂടാതെ പാസ്റ്റർ സാം പണിക്കർ, ദാനിയേൽ കുളങ്ങര (കോർഡിനേറ്റർമാർ), റ്റിനു മാത്യു (സെക്രട്ടറി), മനു ഫിലിപ് (ട്രഷറർ), പാസ്റ്റർ ജോർജ് വർഗീസ്, ഐസക് വർഗീസ് (പ്രെയർ കോ-ഓർഡിനേറ്റേഴ്സ്), സാം ജോർജ് (യൂത്ത് കോ-ഓർഡിനേറ്റർ), തങ്കമ്മ ജോൺ, സൂസൻ ബി ജോൺ (ലേഡീസ് കോർഡിനേറ്റേഴ്സ്), ജെയിംസ് മുളവന (പബ്ലിസിറ്റി) എന്നിവരെ ലോക്കൽ കമ്മിറ്റിയംഗങ്ങളായും തിരഞ്ഞെടുത്തു. വിവരങ്ങൾക്ക്: www.pcnakmiami.org.


എബ്രഹാം മാത്യു


എം.റ്റി. തോമസ്


ജി. ജെയം

# ടിപിഎം രാജ്യാന്തര കൺവൻഷൻ

**ചെന്നൈ:** ദ് പെന്തക്കോസ്തു മിഷൻ സഭകളുടെ ഏറ്റവും വലിയ സംഗമമായ രാജ്യാന്തര കൺവൻഷനും അഖിലേന്ത്യ ശുശ്രൂഷക സമ്മേളനവും മാർച്ച് 6 മുതൽ 10 വരെ ചെന്നൈയിൽ താമ്പരത്തിനു സമീപം ഇരുമ്പല്ലിയൂർ കൺവൻഷൻ സെന്ററിൽ നടക്കും. ചീഫ് പാസ്റ്റർ എബ്രഹാം മാത്യു, ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം.റ്റി. തോമസ്, അസോസിയേറ്റ് ഡെപ്യൂട്ടി ചീഫ് പാസ്റ്റർ ജി. ജെയം എന്നിവരും സഭയുടെ മറ്റു പ്രധാന ശുശ്രൂഷകരും പ്രസംഗിക്കും. മാർച്ച് 5-നു രാവിലെ മുതൽ പിറ്റേന്ന് ഉച്ച വരെയാണ് ശുശ്രൂഷക സമ്മേളനം. ഇംഗ്ലണ്ട്, അമേരിക്ക, ഓസ്ട്രേലിയ, ഗൾഫ് രാജ്യങ്ങൾ തുടങ്ങി വിവിധയിടങ്ങളിൽ നിന്നും ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കും.

# ഐപിസി ആലപ്പുഴ ഈസ്റ്റ് സെന്റർ 47-ാമത് വാർഷിക കൺവൻഷൻ

**ചെറുകോൽ:** ഐപിസി ആലപ്പുഴ ഈസ്റ്റ് സെന്ററിന്റെ 47-ാമത് കൺവൻഷൻ ഫെബ്രുവരി 20-24 വരെ മാവേലിക്കര ചെറുകോൽ സഭയ്ക്ക് സമീപം തുനവാട്ട് ഗ്രൗണ്ടിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എം.വി. വർഗ്ഗീസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബി. മോനച്ചൻ കായംകുളം, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ തോമസ് മാമ്മൻ കോട്ടയം, പാസ്റ്റർ ബാബു ചെറിയാൻ പിറവം, പാസ്റ്റർ എബി അയിരൂർ എന്നിവർ പ്രസംഗിക്കും.



# നവോത്ഥാന സെമിനാർ

**എറണാകുളം:** സാക്ഷി അപ്പോളജറ്റിക്സ് നെറ്റ് വർക്ക് സംഘടിപ്പിക്കുന്ന ചരിത്ര സെമിനാർ ഫെബ്രുവരി 22,23 തീയതികളിൽ എറണാകുളം ടൗൺ ഹാളിൽ നടക്കും.

ഭാരത നവോത്ഥാനത്തിനു അടിത്തറ പാകിയ ക്രൈസ്തവ മിഷനറിമാരുടെ സംഭാവനകളെ അധികരിച്ച് വിവിധ സെഷനുകളിൽ പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഡോ. ബാബു കെ.വർഗീസ്, പാസ്റ്റർ ജെയ്സ് പാണ്ടനാട്, ജെയിംസ് വർഗീസ് ഐ.എ.എസ്., ഡോ. സാമുവേൽ നെല്ലിമുകൾ, ഡോ. വള്ളിക്കാവ് മോഹൻദാസ്, ജെറി തോമസ്, ഡോ. മനോജ് സി.ജേക്കബ്, അനിൽ കുമാർ വി.അയ്യപ്പൻ, എസ്. വെങ്കിടേശൻ, ഡോ. അരുൺ ഗാഡ്രെ എന്നിവർ യഥാക്രമം ഭാഷകളുടെ ആധുനികവൽക്കരണം, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ മുന്നേറ്റങ്ങൾ, അധഃസ്ഥിത ഉദ്ധാരണം, ഈഴവ-നായർ സാമൂഹിക നവോത്ഥാനം, ആരോഗ്യ മേഖലയിലെ സംഭാവന, ദ്രാവിഡ-തമിഴ് ഭാഷാ വിപുലീകരണം, തിന്മകൾക്കെതിരെയുള്ള സാംസ്കാരിക നവോത്ഥാനം, മിഷനറിമാരെ എന്തിന് തിരസ്കരിക്കുന്നു (തിരസ്ക്കരണത്തിന്റെ രാഷ്ട്രീയം) എന്നീ വിഷയങ്ങൾ അവതരിപ്പിക്കും. പീറ്റർ ജോസഫ്, എൽദോ എം. മത്തായി, പ്രൊഫ. റോയി പോൾ, പാസ്റ്റർ നിറ്റ്സൺ കെ. വർഗീസ്, പാസ്റ്റർ നിബു ജേക്കബ് എന്നിവർ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 9809946766-എൽദോ എം.മത്തായി (കൺവീനർ).





ജെയിംസ് സാമുവേൽ ജോൺ തോമസ് സാജു മാത്യു

# ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ് സെമിനാർ

**തിരുവല്ല:** എഴുത്തുകാരൻ ആരേയും മനഃപൂർവ്വമായി വേദനിപ്പിക്കരുതെന്നും നമ്മുടെ എഴുത്തുകളെല്ലാം ദൈവനാമ മഹത്വത്തിനായി തീരണമെന്നും ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസീയർ റവ. സി.സി.തോമസ് പറഞ്ഞു. തിരുവല്ല സിറ്റി ചർച്ചിൽ നടന്ന ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ് ഇൻഡ്യയുടെ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫെലോഷിപ് പ്രസിഡന്റ് പാസ്റ്റർ പി.ജി.മാത്യൂസ് അധ്യക്ഷത വഹിച്ചു. സുവിശേഷ പ്രചരണം മാധ്യമങ്ങളിലൂടെ എന്ന വിഷയത്തിൽ സുവി. സാജു മാത്യു ക്ലാസ്സെടുത്തു. പാസ്റ്റർമാരായ എം. കുഞ്ഞപ്പി, കെ.സി. സണ്ണിക്കുട്ടി, വൈ.റെജി, ക്രിസ്റ്റഫർ റ്റി. രാജു എന്നിവർ ആശംസകളറിയിച്ചു. പാസ്റ്റർമാരായ ജെ.ജോസഫ്, ഷിബു കെ. മാത്യു, സാംകുട്ടി മാത്യു, പി.പി. കുര്യൻ, ഷൈജു തോമസ് ഞാറയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

## നിത്യതയിൽ



**എരുമേലി:** മുക്കട പന്നാംപതാലിൽ പരേതരായ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകനും മുക്കട എ.ജി. സഭാംഗവുമായ പി.എസ്.റിജയൻ (മോൻകുട്ടി-51) ജനുവരി 13-ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഇന്ത്യാ റിവൈവൽ അസംബ്ലി ദൈവസഭാ ട്രഷററും ക്രിസ്ത്യൻ ഫോക്കസ് മാസിക പബ്ലിഷറുമായ പാസ്റ്റർ സാബു എം. ജോസഫിന്റെ ഭാര്യാ സഹോദരനാണ്. സംസ്ക്കാരം 15-ന് മുക്കൂട്ടുതറ അസംബ്ലീസ് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ പാസ്റ്റർ ജിനു കെ. വർഗ്ഗീസിന്റെ നേതൃത്വത്തിൽ നടന്നു. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ ഫിലിപ് പൗലോ നേതൃത്വം നൽകി. ഭാര്യ: ജെസ്സി. മക്കൾ: ബിൻസിമോൾ, ജസ്റ്റിൻ, ജെയിംസ്.

## ബത്തേരി പി.പി.എഫ് യോഗം

**വയനാട്:** സുൽത്താൻ ബത്തേരി പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ്പ് യോഗം മാർച്ച് 5-നു പുത്തൻകുന്ന് പാസ്റ്റർ സി.വൈ. കുര്യാച്ചന്റെ ഭവനത്തിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ സാം തോമസ് അധ്യക്ഷത വഹിക്കും.



അസ്സംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെല്ലോഷിപ്പ് ഭാരവാഹികൾ

# എ.ജി. അമേരിക്കൻ കോൺഫറൻസ്

**ഹൂസ്റ്റൺ:** അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ് 23-ാമത് സമ്മേളനം ജൂലൈ 18 മുതൽ 21 വരെ ഹൂസ്റ്റൺ മാരിയറ്റ് വെസ്റ്റ് ചേയ്സ് ഹോട്ടൽ സമുച്ചയത്തിൽ നടക്കും.

രജിസ്ട്രേഷൻ ഉദ്ഘാടനം ഫെബ്രുവരി 24-നു അമേസിങ് ഗ്രേസ് അസംബ്ലി ഹാളിൽ നടക്കും. പാസ്റ്റർ തോമസ് ഏബ്രഹാം (കൺവീനർ), ബിനോയി ഫിലിപ് (നാഷനൽ സെക്രട്ടറി), ഡേവിഡ് ജോൺസൺ (ട്രഷറർ), പാസ്റ്റർ ജസ്റ്റിൻ സാബു (യൂത്ത് കോർഡിനേറ്റർ), തോമസ് വർഗീസ് (നാഷനൽ കോർഡിനേറ്റർ) തുടങ്ങിയവർ നേതൃത്വം നൽകുന്നു.



ജെയിംസ് സാമുവേൽ ജോൺ തോമസ് സാജു മാത്യു

# ശാരോൻ ഫെലോഷിപ് യു.കെ. കോൺഫറൻസ്

**ലണ്ടൻ:** യു.കെ. ശാരോൻ ഫെലോഷിപ് ചർച്ച് 13-ാമത് നാഷനൽ കോൺഫറൻസ് മാർച്ച് 2,3 തീയതികളിൽ പൂൾ ഡാർലിവാലി റോഡിലുള്ള സെന്റ് എഡ്വേഡ് സ്കൂളിൽ നടക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജെയിംസ് സാമുവേൽ ഉദ്ഘാടനം ചെയ്യും. ശാരോൻ ഫെലോഷിപ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ്, സുവി. സാജു മാത്യു എന്നിവർ പ്രസംഗിക്കും. നാഷനൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി പാപ്പച്ചൻ, ട്രഷറർ ബിനു ബേബി എന്നിവർ നേതൃത്വം നൽകും.

# ഐസിപിഎഫ് കോട്ടയം ജില്ലാ കുടുംബസംഗമം

**കോട്ടയം:** ഐസിപിഎഫ് ജില്ലാ കുടുംബസംഗമം ജനുവരി 27നു വൈകിട്ടു അഞ്ചിന് ഐപിസി ഫിലദൽഫിയ ഹാളിൽ നടന്നു. ഡോ. കെ. മുരളീധരൻ മുഖ്യ സന്ദേശം നൽകി. വിശ്വാസസമൂഹം പാടി ആശ്വസിക്കുന്ന അനശ്വരഗാനങ്ങൾ 'ഓൾഡ് ഈസ് ഗോൾഡ്' എന്ന പേരിൽ ഇമ്മാനുവേൽ ഹെൻറിയും സംഘവും അവതരിപ്പിച്ചു. ജോർജ് മാത്യു യോഗത്തിനു നേതൃത്വം നൽകി.



2019
FEBRUARY
VOL. 4, ISSUE-2
Posted at RMS CHANGANACHERY

# CHRISTIAN FOCUS MONTHLY

Karukachal P.O., Kottayam Dist., Kerala-686 540
Phone: 0481 2488449, 09562247565, 08606695830
Annual subscription ₹ 120/- only

P.B. NO: 10
KARUKACHAL P.O.
KOTTAYAM, KERALA
PIN : 686 540
E-mail: christianfocusira@gmail.com






## ഗ്രഹാം സ്റ്റെയിൻസിന്റെ ജീവിത ചിത്രം പൂർത്തീകരിക്കുന്നു

ഒറീസ്സയുടെ മണ്ണിൽ മിഷനറി ജീവിതത്തിനിടയിൽ രക്തസാക്ഷിത്വം വരിച്ച ഓസ്ട്രേലിയൻ മിഷണറി ഗ്രഹാം സ്റ്റെയിൻസിന്റെ ജീവിതകഥയെ അടിസ്ഥാനമാക്കി പുതിയ ചലച്ചിത്രം അണിയറയിൽ ഒരുങ്ങുന്നു. ചിത്രത്തിന്റെ ട്രെയിലർ പുറത്തിറങ്ങി. ഗ്രഹാം സ്റ്റെയിൻസ്, ഫിലിപ്പ് (10), തിമോത്തി (6) എന്നിവരുടെ കൊലപാതകത്തെ അടിസ്ഥാനമാക്കിയാണ് 'സ്റ്റെയിൻസ്' എന്ന ചിത്രം. ശരിയും തെറ്റും, ശക്തിയും സത്യവും തമ്മിലുള്ള അന്തിമ പോരാട്ടത്തെ ചിത്രം വരച്ചു കാണിക്കുമെന്ന് അണിയറപ്രവർത്തകർ പറയുന്നു. 'സത്യം തേടുന്നിടത്ത് സ്നേഹത്തിന്റെ കഥ എഴുതപ്പെടുന്നു' എന്നതാണ് ടാഗ് ലൈൻ.

യഥാർത്ഥ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള അപ്രതീക്ഷിതമായ ഒരു നാടകീയമായ കഥയാണ് ഇതെന്നു ഗ്രഹാം സ്റ്റെയിൻസിനെ അവതരിപ്പിക്കുന്ന പ്രധാന നടനായ സ്റ്റീഫൻ ബാൽഡ്വിൻ അഭിപ്രായപ്പെട്ടു. ബോളിവുഡ് സിനിമയിലെ മുൻനിര അഭിനേതാക്കളിൽ ഒരാളായ ശർമാൻ ജോഷിയും ഇതിൽ വേഷമിടുന്നുണ്ട്. ആൻഡ്രൂ മാത്യൂസ് കഥയും തിരക്കഥയും നിർവ്വഹിച്ചിരിക്കുന്ന ചിത്രത്തിന്റെ സംവിധായകൻ അനീഷ് ഡാനിയേൽ ആണ്. ഫെബ്രുവരി 1 ന് അമേരിക്കയിലും മാർച്ച് 1 ന് ഇന്ത്യയിലും ചിത്രം തീയറ്ററുകളിൽ എത്തുമെന്നു പ്രതീക്ഷിക്കുന്നു. അമേരിക്കയിലെ ഡാളസ്സിലുള്ള പ്രമുഖ മലയാളി വ്യവസായിയും സുവിശേഷ പ്രവർത്തകനുമായ വിക്ടർ ഏബ്രഹാമാണ് ചിത്രത്തിന്റെ പ്രൊഡ്യൂസർമാരിൽ ഒരാൾ. സ്കൈപാസ് എന്റർടൈൻമെന്റിന്റെ ബാനറിൽ ആണ് ചിത്രം പുറത്തിറക്കുന്നത്.

## ചൈനയിൽ 12 ആരാധനാലയങ്ങൾ പൂട്ടി

ചൈനയിലെ ഹെനാൻ പ്രവിശ്യയിൽ രണ്ട് ഭൂഗർഭ ചർച്ചുകളിലെ കത്തോലിക്കാ പുരോഹിതരെ പോലിസ് അറസ്റ്റു ചെയ്തു. സർക്കാരിന്റെ നിബന്ധനകൾക്കും ഉത്തരവുകൾക്കും വിധേയമായി മാത്രമേ ആരാധനാലയങ്ങൾ പ്രവർത്തിക്കാൻ പാടുള്ളൂ എന്ന കർശനമായ നടപടികളുമായി ഭരണകൂടം മുന്നോട്ടു പോകുന്നതിന്റെ ഭാഗമാണിത്. ഹെനാൻ പ്രവിശ്യയിൽ മാത്രം 12ലധികം ചർച്ചുകൾ പൂട്ടിച്ചുകൊണ്ടു പോലിസ് ഉത്തരവിറക്കി.

ചൈനയിൽ മതപഠനത്തിന്റെ പരിഷ്കരിച്ച നിയമങ്ങൾ പഠിക്കാനും ക്രൈസ്തവർ നിർബന്ധിതരാവുകയാണ്. ഫെബ്രുവരിയിൽ പുറപ്പെടുവിച്ച പുതിയ മതനിയമങ്ങൾ ക്രിസ്ത്യാനികളുടെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളുടേയും അറസ്റ്റുകളുടേയും സ്രോതസ്സായി മാറിയിരിക്കുന്നുവെന്നു ചൈനയിലെ വിവിധ ക്രിസ്തീയ സംഘടനകൾ അറിയിച്ചു.

വിവിധ ഇടങ്ങളിൽ പള്ളികളുടെ മേൽക്കൂരയിൽ നിന്ന് കുരിശു നീക്കം ചെയ്യുന്നതിനുള്ള പ്രചാരണം തുടർന്നുകൊണ്ടിരിക്കുകയാണ്. സഭാകെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിക്കുകയും യോഗങ്ങൾ തടസ്സപ്പെടുത്തുകയും ചെയ്തുവരുന്നു.

## ബൈബിൾ ക്ലാസ്

**ചിങ്ങവനം:** ഗെത്ശെമന പ്രെയർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 5-നു രാവിലെ 10 മുതൽ 4 മണിവരെ ജേസീസ് ഹാളിൽ ബൈബിൾ പഠന ക്ലാസ് നടക്കും. 'അന്ത്യകാല സംഭവങ്ങളും കർത്താവിന്റെ വരവും' എന്ന വിഷയത്തിൽ പാസ്റ്റർ സാജു ചാത്തന്നൂർ ക്ലാസ്സുകൾ നയിക്കും. ഫോൺ: 9539024390.

## ഡബ്ല്യു.എം.എം. കൺവൻഷൻ

**കുമളി:** വേൾഡ് വൈഡ് മിഷനറി മൂവ്മെന്റ് 2-ാമത് സംസ്ഥാന കൺവൻഷൻ ഏപ്രിൽ 25 മുതൽ 28 വരെ കുമളി ഹോളി ഡേ ഹോമിൽ നടക്കും. ഓവർസീയർ പാസ്റ്റർ വി.റ്റി. ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ സാം ജേക്കബ്, ശാമുവേൽ ജപരാജ്, ബാബുക്കുട്ടി ശാമുവേൽ, വി.വി.ചാക്കോ, അനീഷ് കാവാലം, ഫിലിപ് കുട്ടി, കുമാർ ഡേവിഡ്, കുഞ്ഞുമോൻ മാത്യു, ആർ. രാജൻ എന്നിവർ പ്രസംഗിക്കും. ഡബ്ല്യൂ.എം.എം. സിംഗേഴ്സ് ഗാനങ്ങൾ ആലപിക്കും. സണ്ടേസ്കൂൾ-യൂത്ത് മൂവ്മെന്റ് വാർഷികം, സഹോദരി സമാജം വാർഷികം, പൊതു സഭായോഗം എന്നിവയും നടക്കും.

## ആസിയയുടെ മോചനം: പുനഃപരിശോധനാ ഹർജി കോടതി തള്ളി



**ഇസ്ലാമാബാദ്:** മതനിന്ദാ കേസിൽ 8 വർഷം ഏകാന്ത തടവിൽ കഴിഞ്ഞിരുന്ന പാകിസ്ഥാനിലെ ക്രൈസ്തവ വനിത ആസിയ ബീബിയുടെ (47) വധശിക്ഷ റദ്ദു ചെയ്ത പാക്ക് സുപ്രീം കോടതി വിധിക്കെതിരെ നൽകിയ പുനഃപരിശോധനാ ഹർജി കോടതി തള്ളി. ചീഫ് ജസ്റ്റിസ് ആസിഫ് സായിദ് ഖോസ അധ്യക്ഷനായ മൂന്നംഗ ബെഞ്ചാണ് ഹർജി തള്ളിയത്. ഗ്രാമീണ സ്ത്രീയായ ആസിയയും അയൽവാസികളും തമ്മിലുണ്ടായ വഴക്ക് മതനിന്ദാ കേസിൽ കലാശിക്കുകയായിരുന്നു. 2010-ൽ വിചാരണ കോടതി വധശിക്ഷയ്ക്കു വിധിച്ചത് 2014-ൽ ലാഹോർ ഹൈക്കോടതി ശരിവച്ചിരുന്നു. 2018 ഒക്ടോബർ 31-നാണു സുപ്രീം കോടതിയുടെ 5 അംഗ ബെഞ്ച് ശിക്ഷ റദ്ദാക്കിയത്. ഇതിനെതിരെ തീവ്രവാദ സംഘടനയായ തെഹ്‌രീകി ലബൈക്കിന്റെ നേതൃത്വത്തിൽ വൻ പ്രക്ഷോഭങ്ങൾ നടന്നതിനെ തുടർന്നാണ് വിധിക്കെതിരെ സർക്കാർ ഹർജി നൽകിയത്. കോടതി വിധിയിൽ പിഴവുണ്ടെന്നു തെളിയിക്കാൻ ഹർജിക്കാരനു കഴിഞ്ഞില്ലെന്നു ബെഞ്ച് നിരീക്ഷിച്ചു. സുപ്രീം കോടതിയുടെ വിധിയെ തുടർന്ന് ജയിൽ മോചിതയായെങ്കിലും ആസിയ ഇപ്പോൾ അജ്ഞാത കേന്ദ്രത്തിലാണ് കഴിയുന്നത് എന്നാണ് റിപ്പോർട്ടുകൾ.

## ആസിയ ബീബിക്ക് യുഎസിൽ അഭയം നൽകണമെന്ന് പ്രമേയം

**വാഷിങ്ടൺ:** മതനിന്ദാ കുറ്റം ചുമത്തി പാകിസ്ഥാനിൽ വധശിക്ഷയ്ക്കു വിധിക്കുകയും പിന്നീട് സുപ്രീം കോടതി ശിക്ഷ റദ്ദാക്കി മോചിപ്പിക്കുകയും ചെയ്ത പാക്ക് ക്രിസ്ത്യൻ വനിത ആസിയ ബീബിക്ക് അമേരിക്കയിൽ അഭയം നൽകണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ജനപ്രതിനിധി സഭയിൽ യുഎസ് കോൺഗ്രസ് അംഗം കെൻ കാൽവർട്ട് അവതരിപ്പിച്ചു. മതം, ജാതി, രാഷ്ട്രീയ വിശ്വാസം എന്നിവയുടെ പേരിൽ പീഡിപ്പിക്കപ്പെടുന്നവർക്ക് യുഎസിൽ അഭയം നൽകുന്നതിന്റെ ഭാഗമായി ക്രിസ്ത്യാനിയായതുകൊണ്ടു മാത്രം പീഡിപ്പിക്കപ്പെടുന്ന ആസിയയ്ക്ക് അഭയം നൽകണമെന്ന് കെൻ ആവശ്യപ്പെട്ടു.




*Printed and published by Sabu M. Joseph on behalf of India Revival Assembly Trust. Printed at Mangalam Publications (India) Pvt.Ltd., S.H. Mount P.O., Kottayam-686006, Kerala*
*Published from IRA Head Office, Karukachal P.O., Kottayam Dist., Kerala-686 540. Editor: Varghese P. Joseph. Layout & Design: Press Graphix, Sulthan Bathery @ 9744686596*